# 2016 നവംബർ, ഡിസംബർ, 2017 ജനുവരി മാസങ്ങളിലേയ്ക്കുള്ള കുരുമുളകിന്റെ വില പ്രവചനം

### കുരുമുളക് വിലയിൽ നേരിയ ഇടിവിന് സാധ്യത

ഇന്ത്യ, ഇന്തോനേഷ്യ, ശ്രീലങ്ക എന്നീ രാജ്യങ്ങളിൽ കനത്ത വരൾച്ചയും കാലാവസ്ഥാ വ്യതിയാനവും മൂലം കുരുമുളകുല്പാദനത്തിൽ കുറവുണ്ടായത് ആഗോളതലത്തിൽ ഉല്പാദനം മുൻ വർഷത്തെ 4,16,000 ടൺ എന്ന നിലയിൽ നിന്നും കുറഞ്ഞ് 2016ൽ 3,97,000 ടൺ എന്ന നിലയിലേയ്ക്കെത്തുന്നതിനിടയാക്കി. വിയറ്റ്നാം ഒഴികെയുള്ള എല്ലാ ഉല്പാദക രാജ്യങ്ങളിലും കുരുമുളകുല്പാദനത്തിൽ ഇടിവുണ്ടായതായി കാണുന്നു. ആഗോള കുരുമുളകുല്പാദകരിൽ വിയറ്റ്നാമിനും ഇന്തോനേഷ്യയ്ക്കും പുറകിൽ മൂന്നാം സ്ഥാനത്തുള്ള ഇന്ത്യയിലെ കുരുമുളകുല്പാദനത്തിന്റെ 45 ശതമാനം കേരളത്തിലും, 43 ശതമാനം കർണ്ണാടകത്തിലുമാണ്. കാലാവസ്ഥയിലുണ്ടായ വ്യതിയാനം മൂലം ഇന്ത്യയിൽ കുരുമുളകുല്പാദനം 2014–15ലെ 70000 ടൺ എന്ന നിലയിൽ നിന്നും 2015–16ൽ 48500 ടൺ എന്ന നിലയിലെത്തിയതായി സ്പൈസസ് ബോർഡിന്റെ കണക്കുകൾ സൂചിപ്പിക്കുന്നു.

വിപണിയിലേയ്ക്കുള്ള കുരുമുളകിന്റെ വരവിലുണ്ടായ കുറവും ഉയർന്ന ആവശ്യകതയും മൂലം 2016 മേയ് മുതൽ ഒക്ടോബർ വരെയുള്ള കാലയളവിൽ കുരുമുളകിന്റെ വില കിലോഗ്രാമിന് 685 രൂപയ്ക്കും 700 രൂപയ്ക്കും ഇടയിൽ തുടർന്നു. കുരുമുളകിന്റെ വിപണിയിലെ ലഭ്യത കുറഞ്ഞപ്പോഴും ആവശ്യകത വർദ്ധിച്ചുകൊണ്ടിരുന്നതുമൂലമാണ്  വിലയിൽ വർദ്ധനവ് രേഖപ്പെടുത്തിയത്. തരം തിരിക്കാത്ത കുരുമുളകിന്റെ കൊച്ചി മാർക്കറ്റിലെ വില 2016 മാർച്ചിൽ കിലോഗ്രാമിന് 690 രൂപ എന്ന നിരക്കിൽ നിന്നും കുറഞ്ഞ് ഒക്ടോബറിൽ 681 രൂപയായി. 2016ൽ ഉല്പാദനത്തിൽ കുറവുണ്ടായതിനാൽ നീക്കിയിരിപ്പുള്ളവർ വരാനിടയുള്ള വില വർദ്ധനവിൽ പ്രതീക്ഷയർപ്പിച്ച് ഉല്പന്നം സൂക്ഷിച്ചുവെക്കുന്ന പ്രവണത കാണുന്നുണ്ട്.

വിപണിയിലെ ലഭ്യതക്കുറവും വർദ്ധിച്ചു വരുന്ന ആവശ്യകതയും മൂലം കുരുമുളകിന്റെ ഇറക്കുമതിയിൽ വർദ്ധനവുണ്ടായിക്കൊണ്ടിരിക്കുന്നു. 2015–16 സാമ്പത്തിക വർഷത്തിൽ മൂല്യ വർദ്ധിത ഉല്പന്നങ്ങൾക്കായി ഇറക്കുമതി ചെയ്ത 22,312 ടൺ കുരുമുളകിന്റെ 39 ശതമാനം ശ്രീലങ്കയിൽ നിന്നും 34 ശതമാനം വിയറ്റ്നാമിൽ നിന്നുമാണ്. 2016 ഏപ്രിൽ മുതൽ ജൂലൈ വരെയുള്ള കാലയളവിൽ 8955 ടൺ കുരുമുളക് ഇറക്കുമതി ചെയ്തതിൽ മുക്കാൽ പങ്കും വിയറ്റ്നാമിൽ നിന്നാണ്. സ്പൈസസ് ബോർഡിന്റെ പ്രാരംഭ കണക്കുകൾ പ്രകാരം 2015–16ൽ ഇന്ത്യയിൽ നിന്നും മുൻ വർഷത്തെ അപേക്ഷിച്ച് 30 ശതമാനം  വർദ്ധനവോടെ 28,100 ടൺ കുരുമുളക് കയറ്റുമതി ചെയ്തു. മറ്റ് രാജ്യങ്ങളെ അപേക്ഷിച്ച് ഇന്ത്യയിൽ കയറ്റുമതി വില ഉയർന്നു നിൽക്കുന്നതിനാൽ, 2016 ഏപ്രിൽ മുതൽ ജൂലായ് വരെയുള്ള കാലയളവിൽ കയറ്റുമതി മുൻവർഷത്തെ 10350 ടൺ എന്ന നിലയിൽ നിന്നും കുറഞ്ഞ് 4300 ടൺ ആയി.

കുരുമുളകിന്റെ വിവിധ സീസണുകളിലുള്ള വിലയുടെ വ്യതിയാനങ്ങളെക്കുറിച്ച് പഠനം നടത്തിയതിൽ നിന്നും 1995നു ശേഷം മിക്ക വർഷങ്ങളും ഏറ്റവും ഉയർന്ന വില രേഖപ്പെടുത്തിയിട്ടുള്ളത് ഒക്ടോബർ മാസത്തിലാണ്. ഒക്ടോബർ മാസത്തിന്റെ അവസാനം മുതൽ ഫെബ്രുവരി വരെ വിലയിൽ ഇടിവുണ്ടാകാനിടയുള്ള സാഹചര്യമാണുള്ളത്. 2017 ജനുവരി വരെ അവധി വിലയും കുറയുന്നതായി കാണുന്നു. ഇപ്പോഴത്തെ ഉല്പാദനവും ലഭ്യമായ വിപണി വിവരങ്ങളും പരിഗണിക്കുമ്പോൾ 2016 നവംബറിനും 2017 ജനുവരിക്കും ഇടയിൽ വില നേരിയ തോതിൽ കുറയുവാനുള്ള പ്രവണത കാണുന്നു.

തരം തിരിക്കാത്ത കുരുമുളകിന്റെ കൊച്ചി മാർക്കറ്റിലെ 1995 മുതൽ 21 വർഷത്തെ പ്രതിമാസ വില എക്കണോമെട്രിക് വിശകലനത്തിന് വിധേയമാക്കിയതിന്റെയും നിലവിലുള്ള വിപണി സാഹചര്യങ്ങളുടേയും, ഐ.സി.എ.ആർ നെറ്റ്‌വർക്ക് പ്രോജക്ട് ഓൺ മാർക്കറ്റ് ഇന്റലിജൻസ് കുരുമുളക് വ്യാപാരികളുടെ ഇടയിൽ നടത്തിയ സർവ്വേയുടെയും അടിസ്ഥാനത്തിൽ 2016 നവംബറിനും 2017 ജനുവരിക്കും ഇടയിൽ വില നേരിയ തോതിൽ കുറയാനിടയുണ്ടെന്ന് കണ്ടെത്തിയിരിക്കുന്നു. വിപണിയിലെ സാഹചര്യങ്ങളിൽ മാറ്റമുണ്ടായാൽ ഈ പ്രവചനത്തിലും മാറ്റമുണ്ടാകും. അതിനാൽ കുരുമുളക് വിറ്റഴിക്കുന്നതു സംബന്ധിച്ച് കർഷകർക്ക് ഉചിതമായ തീരുമാനങ്ങളെടുക്കാം

പ്രവചിക്കപ്പെട്ട വിലയുടെ പരിധികൾ താഴെ പറയുന്ന പ്രകാരമായിരിക്കും

| **മാസം** | **പ്രവചിക്കപ്പെട്ട വില (കിലോഗ്രാമിന്)** |
|---|---|
| നവംബർ 2016 | 650-680 |
| ഡിസംബർ 2016 | 630-660 |
| ജനുവരി 2017 | 610-640 |

**റിസർച്ച് ടീം**

ഡോ. ജെസി തോമസ് കെ, ഡോ. അനിൽ കുരുവിള,
ഡോ. ചിത്ര പാറയിൽ, ശ്രീ. നൗഷാദ് എ.കെ & കുമാരി. രോഹിണി. കെ
ഐ.സി. എ.ആർ നെറ്റ്‌വർക്ക് പ്രോജക്റ്റ് ഓൺ മാർക്കറ്റ് ഇന്റലിജൻസ്
ഹോർട്ടിക്കൾച്ചർ കോളേജ്, കേരള കാർഷിക സർവ്വകലാശാല, വെള്ളാനിക്കര, തൃശ്ശൂർ